ICPS4(B)/40385/16

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി: 07/11/2017

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് -ICPS- ജില്ലാ ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മറ്റികളിലെ സിറ്റിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- 1. The Juvanile Justice (Care & Protection of Children) Act 2015 Sec 28(1),(2) & Model Rule 2016 Sec 16

2.തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം:DCPO/TSR/634/2015തീയതി:20/12/2016

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവ്യഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ പ്രധാന ഘടകങ്ങളായ ചൈൽഡ് വെൽഫെയർ കമ്മറ്റികൾ, ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ സിറ്റിംഗ് നടത്തുമ്പോൾ ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

a. ഐ.സി.പി.എസ്-ന്റെ ഘടകങ്ങളായ ചൈൽഡ് വെൽഫെയർ കമ്മറ്റികൾ, ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ എന്നിവ 2015-ലെ JJ Act-ന്റെയും 2016-ലെ JJ Model Rule-ന്റെയും നിബന്ധനകൾ കൃത്യമായി പാലിച്ച്കൊണ്ട് സിറ്റിംഗുകൾ നടത്തണം.

b. ഓരോ ദിവസത്തെയും സിറ്റിംഗ് ദൈർഘ്യം 6 മണിക്കൂറിൽ കുറയുവാൻ പാടുള്ളതല്ല.

c. ചൈൽഡ് വെൽഫെയർ കമ്മറ്റി അംഗങ്ങൾ ഒരു മാസം കുറഞ്ഞത് 2 ചൈൽഡ് കെയർ സ്ഥാപനങ്ങളെങ്കിലും സന്ദർശിക്കേണ്ടതാണ്. ആയത് സിറ്റിംഗായി പരിഗണിക്കപ്പെടും

d. ആയതിനുള്ള സിറ്റിംഗ് ഫീസ് ക്ലെയിം ചെയ്യുന്ന ബില്ലിനോടൊപ്പം ഓരോ അംഗവും പ്രസ്തുത സന്ദർശനത്തിന്റെ റിപ്പോർട്ട് കൂടി ഉൾപ്പെടുത്തണം.

(PTO)

e. റിപ്പോർട്ടിന്റെ ഒരു കോപ്പി നിർബന്ധമായും സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ (SCPS) ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർ

എല്ലാ JJB മെമ്പർമാർക്കും (പ്രിൻസിപ്പൽ മജിസ്ട്രേറ്റ് മുഖാന്തരം)
എല്ലാ CWC മെമ്പർമാർക്കും (ചെയർമാൻ മുഖാന്തരം)

പകർപ്പ്:

1. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
2. എല്ലാ ജില്ലാ ജെ ജെ സ്ഥാപന സൂപ്രണ്ട്മാർക്കും
3. എല്ലാ ജില്ലാ JJB പ്രിൻസിപ്പൽ മജിസ്ട്രേറ്റ്മാർക്കും (ആമുഖ കത്ത് സഹിതം)
4. എല്ലാ CWC ചെയർമാൻമാർക്കും (ആമുഖ കത്ത് സഹിതം)
5. ICPS 4
6. സ്റ്റോക്ക് ഫയൽ